

# പാറെക്കാട്ടുകര സെന്റ് മേരീസ് ഇടവക

പുരാതനകാലം മുതൽക്കെ കല്ലേറ്റുംകര ഇടവകാതിർത്തിയിലായിരുന്നു 4 ച. കി.മീ. വിസ്തൃതിയും 40-ഓളം ക്രൈസ്തവ കുടുംബങ്ങളുമുണ്ടായിരുന്ന പാറെക്കാട്ടുകര ഇടവക. നിലവിൽ കൊടകര, മുരിയാട്, പറപ്പൂക്കര, ആളൂർ എന്നീ പഞ്ചായത്തുകളുമായി അതിർത്തി പങ്കിടുന്ന പാറെക്കാട്ടുകര ഇടവകയുടെ വിശ്വാസ പ്രഖ്യാപനത്തിന്റെ ആദ്യ ചുവടായിരുന്നു 1920-ൽ കല്ലേറ്റുംകര പള്ളി വികാരിയായിരുന്ന റവ. ഫാ. ഔനാശു മഞ്ഞളിയുടെ നേതൃത്വത്തിൽ സ്ഥാപിച്ച സ്കൂൾ. പ്രസ്തുത സ്കൂൾ, പ്രാർത്ഥന, വണക്കമാസം, വായന, എഴുത്ത്, അമ്പുസമുദായം, കുറി എന്നീ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തിയിരുന്നു. 1941-ൽ കുരിശുപള്ളിയായും 1967-ൽ സ്വതന്ത്ര ഇടവകയായും 1976-ൽ വികാരി സ്ഥിരതാമസമുള്ള ഇടവകയായും ക്രമേണ വളർന്നു.

1935 നവംബർ 15-ാം തിയ്യതി കല്ലേറ്റുംകര പള്ളി വികാരി ബഹു. യാക്കോബ് പോട്ടക്കാരന്റെ അദ്ധ്യക്ഷതയിൽകൂടിയ സമുദായാംഗങ്ങളുടെയും കുറിനടത്തിപ്പുകാരുടെയും യോഗനിശ്ചയപ്രകാരം കുറിയുടെ ആദായം കൊണ്ട് കുറച്ചു സ്ഥലം കൂടി വാങ്ങി. സ്കൂൾ കെട്ടിടം വിസ്തൃതമാക്കി, ഒരു പള്ളിസ്ഥാപിക്കുന്നതിന് അനുവാദത്തിനായി അന്നത്തെ ഗവണ്മെന്റിൽ അപേക്ഷിച്ചു. 1941 ജൂൺ മാസം 15-ാം തിയ്യതി 18596/16-ാം നമ്പർ ഗവണ്മെന്റ് കല്പനപ്രകാരവും, അഭിവന്ദ്യ തൃശ്ശൂർ മെത്രാനച്ചന്റെ കല്പന പ്രകാരവും സ്കൂൾസമുദായംവക സകല സ്വത്തുക്കളും പള്ളിക്കുവേണ്ടി അന്നത്തെ കൈക്കാരന്മാരുടെ പേരിൽ തീറു വാങ്ങുകയും അക്കൊല്ലത്തെ മാതാവിന്റെ വണക്കമാസ തിരുനാൾ പരി. കുർബാനയോടുകൂടി നടത്തുവാനും അഭിവന്ദ്യ മെത്രാൻ തിരുമനസ്സുകൊണ്ട് കല്പനയായി. അന്നുമുതൽ കല്ലേറ്റുംകര പള്ളിയിൽ നിന്ന് ബഹു. വികാരിയച്ചന്മാർ മാസത്തിൽ ഒരു കുർബാന വീതം പാറേക്കാട്ടുകര കുരിശുപള്ളിയിൽ വന്നുചൊല്ലുകയും ആയതിന്റെ ചെലവിലേക്കായി സമുദായക്കാരുടെ കയ്യിൽ നിന്ന് വീതിപ്പെടുക്കുകയും ചെയ്തിരുന്നു. അന്നത്തെ വികാരി തെക്കൂടൻ ഔസേപ്പച്ചനായിരുന്നു. കുരിശുപള്ളി ക്രമേണ പുരോഗതിപ്രാപിച്ചു. സിമിത്തേരിക്കുവേണ്ട അനുവാദവും കിട്ടി.

## സ്വതന്ത്ര ഇടവക

1966 സെപ്തംബർ 3-ാം തിയ്യതി വികാരി ബഹു. ജോസ് അക്കരക്കാരനച്ചന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽവച്ച് കല്ലേറ്റുംകര പള്ളിയിൽ നിന്ന് ഇടവക തിരിച്ച് കിട്ടുവാൻ ബന്ധപ്പെട്ട മേലധികാരികൾക്ക് അപേക്ഷ സമർപ്പിക്കുകയും അതിൻപ്രകാരം 1967-ൽ അഭിവന്ദ്യ മാർ ജോസഫ് കുണ്ടുകുളം പിതാവ് ഇടവകയായി ഉയർത്തുകയും



മതബോധനഹാൾ

ചെയ്തു. 50,000 രൂപ ചെലവ് ചെയ്ത് ഒരു പള്ളി പണിയുകയും ആയതിന്റെ വെഞ്ചരിപ്പുകർമ്മം 1975 ജനുവരി 5-ാം തിയ്യതി അഭിവന്ദ്യ ജോസഫ് കുണ്ടുകുളം തിരുമേനി നിർവ്വഹിക്കുകയും ചെയ്തു. ബഹു. ജോസ് അക്കരക്കാരനച്ചന്റെ നേതൃത്വത്തിലായിരുന്നു ദേവാലയനിർമ്മാണം. ഒരു ചെറിയ വൈദിക മന്ദിരവും പണിതു.

## സ്ഥിരവാസമുള്ള വികാരി

28.3.1976-ൽ സ്ഥിരം വികാരിയായി ബഹു. ജോസഫ് ചക്കാലമറ്റത്തച്ചനെ അഭിവന്ദ്യപിതാവ് നിയമിച്ചു. 1988 ഫെബ്രുവരി 14-ാം തിയ്യതി ഇടവകയെ 4 യൂണിറ്റുകളാക്കി തിരിച്ച് സെന്റ് ആന്റണി, സെന്റ് ജോർജ്ജ്, സെന്റ് തോമസ്, സെന്റ് ജോസഫ് എന്നീ കുടുംബസമ്മേളനങ്ങൾ ആരംഭിച്ചു. 1988 ആഗസ്റ്റ് 15-ാം തിയ്യതി രൂപതയിലെ 687/88 കല്പനപ്രകാരം കുടുംബക്ഷേമനിധി എന്ന പേരിൽ ഒരു മരണാനന്തര സഹായഫണ്ട് ആരംഭിച്ചു. പള്ളിപ്പറമ്പിന്റെ വടക്കു പടിഞ്ഞാറ് മൂലയിൽ മാതാവിന്റെ നാമധേയത്തിൽ ഒരു കപ്പേള പണിത് 1992 ആഗസ്റ്റ് 15-ാം തിയ്യതി വെഞ്ചിരിപ്പുകർമ്മം നടത്തി.

## വളർച്ചയുടെ പടവുകളിലൂടെ

1978-ൽ ആലത്തൂർ കപ്പേള, പള്ളിയിൽ സ്റ്റേജ് എന്നിവ നിർമ്മിച്ചു. 1980-ൽ മതബോധന സ്കൂൾകെട്ടിടം പണി പൂർത്തീകരിക്കുകയും തെക്കേ കപ്പേള സ്ഥാപിക്കുകയും ചെയ്തു. 1992-ൽ ബഹു. ജോയ് പാല്യേക്കരയച്ചന്റെ കാലഘട്ടത്തിൽ ഇടവകയുടെ 25-ാം വാർഷികവും പള്ളി സ്ഥാപനത്തിന്റെ 50-ാം വാർഷികവും ആഘോഷിച്ചു. ജൂബിലി സ്മാരകമായി നടപ്പുര നിർമ്മിച്ചു. കൊടിമരം സ്ഥാപിച്ചു, പള്ളിപ്പറമ്പ് ചുറ്റുമതിൽ പണിതു. 1993-ൽ വിവാഹസഹായനിധി ആരംഭിച്ചു; കൂടാതെ മതബോധനത്തിനായി രണ്ടാമത്തെ സ്ക്കൂൾ പണിതു.



സെന്റ് സെബാസ്റ്റ്യൻ കപ്പേള



വൈദിക മന്ദിരം



എസ്.ഡി. കോൺവെന്റ്

## പുതിയ വൈദിക മന്ദിരം

അച്ചന്മാർക്ക് താമസിക്കുന്നതിനുവേണ്ടി ബഹു. ഡേവിസ് കൂട്ടാലയച്ചന്റെ നേതൃത്വത്തിൽ പണി കഴിച്ച വൈദികമന്ദിരത്തിന്റെ വെഞ്ചിരിപ്പുകർമ്മം 13.9.2003-ൽ നടത്തി.

**എസ്.ഡി. കോൺവെന്റ്** ഇടവകയുടെ പ്രവർത്തനങ്ങളെ ചൈതന്യ പൂർണ്ണ മാക്കാൻ ഉപകരിക്കുന്ന ബഹു.സിസ്റ്റേഴ്സ് സേവനരംഗത്ത് എത്തിയിരിക്കുന്നു. ഈയിടെ സ്ഥാപിതമായ എസ്.ഡി. കോൺവെന്റിന്റെ വെഞ്ചിരിപ്പുകർമ്മം 2009 ജൂൺ 17-ാം തിയതി അഭിവന്ദ്യ ജെയിംസ് പഴയാറ്റിൽ പിതാവ് നിർവ്വഹിച്ചു.



സെന്റ് മേരീസ് കപ്പേള, പള്ളിക്ക് മുൻവശം



സെന്റ് ജോസഫ് കപ്പേള, ആലത്തൂർ